വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ):

(എ) ഉണ്ട്.

(ബി) ജനറേഷൻ ലാഭകേന്ദ്രം, ട്രാൻസ്മിഷൻ ലാഭകേന്ദ്രം, ഡിസ്ട്രിബ്യൂഷൻ ലാഭകേന്ദ്രം എന്നീ ലവലുകളിൽ അക്കൗണ്ടിംഗ് നടത്തുന്നുണ്ട്. വൈദ്യുതി ബോർഡിന്റെ റേറ്റിംഗ് സ്റ്റേഷനുകളിൽ നിന്ന് ഉല്പാദിപ്പിക്കുന്ന വൈദ്യുതി അവിടെതന്നെ മീറ്റർ വച്ച് അളവ് രേഖപ്പെടുത്തുന്നുണ്ട്. സ്വതന്ത്ര വൈദ്യുതി ഉല്പാദകരിൽ നിന്നും കേന്ദ്ര പൂളിൽ നിന്നും വാങ്ങുന്ന വൈദ്യുതി പ്രത്യേകമായി മീറ്റർ ചെയ്യുന്നുണ്ട്.

(സി) ഉണ്ട്.

ഡി.ടി.പി.സി.-കൾക്കുള്ള വരവിനങ്ങൾ

9 [*562] പ്രൊഫ. സാവിത്രി ലക്ഷ്മണൻ:
ശ്രീ. വി. ബാലറാം:
,, എം. കെ. പോൾസൺ മാസ്റ്റർ:
,, വർക്കല കഹാർ:
,, ലൂഡി ലൂയിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡി.ടി.പി.സി.-കൾക്കുള്ള വരവിനങ്ങൾ എന്തെല്ലാമാണ്;

(ബി) ഇവയ്ക്ക് ഗവൺമെന്റിൽനിന്നും എന്തെങ്കിലും ധനസഹായം നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം ധനസഹായങ്ങളാണ് നൽകുന്നത്;

(സി) അവയ്ക്ക് സ്വന്തമായ വരവിനങ്ങൾ ഉണ്ടോ;

(ഡി) ഡി.ടി.പി.സി.-കളുടെ സ്വതന്ത്ര നിലനില്പിനാവശ്യമായ സാമ്പത്തിക സഹായം അവർക്ക് നൽകുമോ?

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്):

(എ) ബോട്ടിംഗിലൂടെയും ബോട്ട്ജെട്ടികളിൽനിന്നും ലഭിക്കുന്ന വരുമാനം, പാർക്കുകളിലെ പ്രവേശന ടിക്കറ്റ്, കാർ പാർക്കിംഗ് വഴി ലഭിക്കുന്ന വരുമാനം, ഡി.ടി.പി.സി.-യുടെ നിയന്ത്രണത്തിലുള്ള പദ്ധതികൾ ലീസിന് നൽകുന്നതിലൂടെയുള്ള പാട്ടവരുമാനം, റസ്റ്റോറന്റ്, വഴിയോര വിശ്രമ കേന്ദ്രം എന്നിവ നടത്തുന്നതിലൂടെയുള്ള വരുമാനം ഇവയാണ് ഡി.ടി.പി.സി.-കളുടെ പ്രധാന വരവിനങ്ങൾ.

(ബി) ഉണ്ട്. അടിസ്ഥാന സൗകര്യങ്ങളായ ബോട്ടുജെട്ടികൾ പേ ആന്റ് യൂസ് ടോയ്ലറ്റ് നിർമ്മാണം, ശുചീകരണ പ്രവർത്തനങ്ങൾ, പൈതൃകം സംസ്കാരം എന്നിവയുടെ സംരക്ഷണം, ടൂറിസം ക്ലബ്ബുകളുടെ ഏകോപനം, ടൂറിസം ബോധവൽക്കരണം എന്നീ പ്രവർത്തനങ്ങൾക്ക് ഗവൺമെന്റ് ധനസഹായം നൽകുന്നുണ്ട്.

(സി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഡി.ടി.പി.സി.-കളുടെ പ്രവർത്തനം സംബന്ധിച്ച് പഠിക്കാനായി ചുമതല പ്പെടുത്തിയ സ്പെഷ്യൽ ഓഫീസറുടെ റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരികയാണ്. പരിശോധന പൂർത്തിയാക്കുമ്പോൾ മാത്രമേ ഇക്കാര്യത്തിൽ എന്തുചെയ്യാൻ പറ്റും എന്നു പറയാൻ സാധിക്കുകയുള്ളൂ.

ആദിവാസി മേഖലകളിലേക്കുള്ള കുടിയേറ്റം

10 [*563] ശ്രീ. തോമസ് ചാഴികാടൻ:
,, കെ. നാരായണക്കുറുപ്പ്:
,, റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികളുടെ പ്രശ്നങ്ങൾ പഠിക്കാനും പരിഗണിക്കാനും നിലവിലുള്ള സംവിധാനം എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) ഇതര വിഭാഗക്കാരുടെ കുടിയേറ്റംമൂലം ആദിവാസിമേഖലകളിലുണ്ടായിട്ടുള്ള പ്രശ്നങ്ങളെപ്പറ്റി സർക്കാർ പഠനം നടത്തിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) ആദിവാസി മേഖലകളിലേക്കുള്ള കുടിയേറ്റംമൂലം ഉണ്ടായിട്ടുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ സർക്കാർ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

പിന്നോക്ക പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ഡോ. എം. എ. കുട്ടപ്പൻ):

(എ) ആദിവാസികളുടെ പ്രശ്നങ്ങൾ പഠിക്കുന്നതിന് കേരള സർക്കാരിന്റെ ചുമതലയിൽ കിർത്താഡ്സ് എന്ന സ്ഥാപനം നിലവിലുണ്ട്. പട്ടിക വർഗ്ഗവിഭാഗത്തിൽനിന്നും തെരഞ്ഞെടുത്തിട്ടുള്ള എസ്.റ്റി. പ്രൊമോട്ടർമാർ, പട്ടികവർഗ്ഗ വികസന വകുപ്പു ദ്യോഗസ്ഥൻമാർ സംസ്ഥാന ഉപദേശക ബോർഡ് അംഗങ്ങൾ, ആദിവാസികൾ താമസിക്കുന്ന പ്രദേശത്തെ എം.എൽ.എ.-മാർ, എം.പി.-മാർ എന്നിവർ ആദിവാസികളുടെ പ്രശ്നങ്ങളും ആവശ്യങ്ങളും ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നുണ്ട്.

ആദിവാസി ഭൂമി വിതരണം പ്രശ്നം ഉൾപ്പെടെയുള്ള മുഴുവൻ കാര്യങ്ങളും പഠിക്കുന്നതിനും പരിഹരിക്കുന്നതിനും ആദിവാസി പുനരധിവാസ മിഷൻ രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) ഉദിക്കുന്നില്ല.

(ഡി) ആദിവാസി മേഖലകളിലേക്കുള്ള കുടിയേറ്റംമൂലം ആദിവാസികളുടെ ഭൂമി ഗണ്യമായി അന്യാധീനപ്പെട്ടുകഴിഞ്ഞു. ഇങ്ങനെ നഷ്ടപ്പെട്ട ഭൂമി തിരിച്ചെടുക്കുന്ന തിനുള്ള നിയമം പ്രാവർത്തികമാക്കുന്നതിന് കഴിഞ്ഞില്ല. വകുപ്പുദ്യോഗസ്ഥൻമാർ, സന്നദ്ധ സംഘടനകൾ, ആദിവാസി വിഭാഗങ്ങളിലെ സന്നദ്ധ പ്രവർത്തകർ എന്നിവർ മുഖേന ഭൂമി അന്യാധീനപ്പെടുത്തുന്നതിനെതിരെ ജാഗരൂകരായിരിക്കുവാൻ വ്യാപകമായ പ്രചാരണം

LIBRARY ARCHIVES Kerala Legislative Assembly